(സി) ഓരോ സംഘത്തിന്റേയും ബൈലായിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തനപരിധി നിശ്ചയിക്കാവുന്നതാണ്. ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിൽ അതേ ഉദ്ദേശത്തോടുകൂടിയ മറ്റൊരുസഹകരണ സംഘം രജിസ്റ്റർ ചെയ്യാൻപാടില്ല എന്നരീതിയിൽ പ്രവർത്തന പരിധി സഹകരണ നിയമത്തിലും അതനുസരിച്ച് തയ്യാറാക്കുന്ന ബൈലായിലും നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ സംഘങ്ങളുടേയും അംഗങ്ങളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല. എന്നാൽ ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിന് വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ട കുറഞ്ഞത് 25 പേരെങ്കിലും അപേക്ഷകരായി ഉണ്ടായിരിക്കണം.

(ഡി) അരൂർ-ചേർത്തല മണ്ഡലങ്ങളിൽ പുതുതായി താഴെപ്പറയുന്ന നാല് കയർപിരി സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ശാന്തിക്കവല സി.വി.സി.എസ്. ലി.നമ്പർ 1281 (അരൂർ മണ്ഡലം)

2. കളത്തിവീട് സി.വി.സി.എസ്. ലി.നമ്പർ 1108 (ചേർത്തല മണ്ഡലം)

3. മുത്തൂർവട്ടം കസ്തൂർബ സി.വി.സി.എസ്.ലി.നമ്പർ 1284 (ചേർത്തല മണ്ഡലം)

4. മായിത്തറ ബാപ്പുജി സിവി.സി.എസ് ലി.നമ്പർ 1281 (ചേർത്തല മണ്ഡലം)

അന്യസംസ്ഥാനങ്ങളിൽനിന്നുള്ള ചകിരി സംഭരണം

226 (7197) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽനിന്നുള്ള ചകിരി സംഭരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര ടൺ ചകിരി സംഭരിച്ചു എന്നറിയിക്കുമോ ;

(സി) സംഘങ്ങൾക്ക് ചകിരി നൽകുന്നരീതി എങ്ങനെയാണ് എന്നറിയിക്കുമോ ;

(ഡി) ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചു എന്നറിയിക്കുമോ ;

(ഇ) സംഘങ്ങൾക്ക് സബ്സിഡി ഇനത്തിൽ എത്ര തുക നൽകിയെന്നും ഇനി നല്കാനുള്ള തുക എത്രയെന്നും അറിയിക്കുമോ ;

(എഫ്) ഇനിയും നൽകാനുള്ള തുക അടിയന്തരമായി കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അന്യസംസ്ഥാനത്തുനിന്നും സർക്കാർ നിർദ്ദേശപ്രകാരം രൂപീകരിച്ച കമ്മിറ്റി നിശ്ചയിച്ച വില പ്രകാരം കയർഫെഡ് ചകിരി സംഭരിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളും സ്വകാര്യ സംരംഭകരും അന്യസംസ്ഥാനത്തിൽ നിന്ന് നേരിട്ടും ചകിരി സംഭരിച്ചുവരുന്നു.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കയർഫെഡ് 4375.87 ടൺ ചകിരി സംഭരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ നേരിട്ട് സംഭരിച്ച ചകിരിയുടെയും സ്വകാര്യ സംരംഭകർ സംഭരിക്കുന്ന ചകിരിയുടെയും കണക്ക് ലഭ്യമല്ല.

(സി) സംഘങ്ങൾ സ്വകാര്യ വ്യക്തികളിൽനിന്നും അന്യസംസ്ഥാനത്തു നിന്നും ചകിരി വാങ്ങുന്നുണ്ട്. ചിറയിൻകീഴ് പ്രോജക്ടിനുകീഴിലെ സംഘങ്ങൾ തൊണ്ട് വാങ്ങി അഴുക്കി അതിൽ നിന്നുള്ള ചകിരിയാണ് ഉപയോഗിക്കുന്നത്. എന്നാൽ ചകിരിക്ഷാമം രൂക്ഷമായ സമയത്ത് സർക്കാർ നിർദ്ദേശപ്രകാരം കയർഫെഡ് പുറമെനിന്നും ചകിരി വാങ്ങി സബ്സിഡി നിരക്കിൽ സംഘങ്ങൾക്ക് നൽകി.

(ഡി) കയർഫെഡ് ചകിരി സംഭരിച്ചവകയിൽ 12.06 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരിയാണ് കയർഫെഡ് മുഖാന്തിരം നൽകിയത്. ഇപ്രകാരം സംഘങ്ങൾക്ക് ചകിരി നൽകിയ വകയിൽ വേണ്ടിവന്ന സബ്സിഡി തുക 3.32 കോടിരൂപയാണ്.

(എഫ്) ഉത്തരം 'ഇ'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

വിലക്കയറ്റം

227 (7196) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേ കടത്തുകൂലി വർദ്ധിപ്പിച്ചതുമൂലം ജനജീവിതം കൂടുതൽ ദുസ്സഹമാകുമെന്നും സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലനിലവാരത്തിൽ ഉണ്ടായ വൻവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പെട്രോളിയം ഉൽപന്നങ്ങൾക്ക് അടിക്കടി വില വർദ്ധിപ്പിക്കുന്ന തീരുമാനം കാര്യങ്ങൾ കൂടുതൽ രൂക്ഷമാകുന്നതിന് കാരണമാകുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly